പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1421. 12.07.2011-ൽ മറുപടിക്ക്.

## നെടുമ്പാശ്ശേരി വിമാനത്താവളത്തിനുവേണ്ടി സ്ഥലം ഏറ്റെടുത്തപ്പോൾ വീട് നഷ്ടപ്പെട്ടവർക്ക് ജോലി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്. | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) | |
| (എ) | നെടുമ്പാശ്ശേരി വിമാനത്താവളത്തിനുവേണ്ടി സ്ഥലം ഏറ്റെടുത്തപ്പോൾ എത്ര കുടുംബങ്ങൾക്കാണ് വീട് നഷ്ടപ്പെട്ടത് ; | (എ) | നെടുമ്പാശ്ശേരി വിമാനത്താവളത്തിനുവേണ്ടി സ്ഥലം ഏറ്റെടുത്തപ്പോൾ 822 കുടുംബങ്ങൾക്കാണ് വീട് നഷ്ടപ്പെട്ടത്. |
| (ബി) | വീട് നഷ്ടപ്പെട്ടവർക്ക് എയർപോർട്ടിൽ ജോലി നൽകുന്നതിനായി മുൻ സർക്കാരുകളുടെ കാലത്ത് ടെസ്റ്റ് നടത്തി എത്ര പേരുടെ റാങ്ക് ലിസ്റ്റ് ആണ് പ്രസിദ്ധീകരിച്ചത് ; | (ബി) | വിമാനത്താവള കമ്പനയിൽ (CIAL- ൽ) ലോഡർ തസ്തികയിലേക്ക് വീടു നഷ്ടപ്പെട്ടവരിൽ നിന്നു മാത്രമാണ് അപേക്ഷ ക്ഷണിച്ചിരുന്നത്. പ്രസ്തുത തസ്തികയിലേക്ക് 2000-ലും 2005-ലും ടെസ്റ്റ് നടത്തി 35, 93 പേർ വീതമുള്ള റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ഇതിൽ നിന്ന് 61 പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട്. കമ്പനിയിലെ മറ്റ് തസ്തികകളിലേക്കും ടെസ്റ്റ്, ഇന്റർവ്യൂ എന്നിവ നടത്തുമ്പോൾ,വീടും സ്ഥലവും നഷ്ടപ്പെട്ട തത്തുല്യയോഗ്യതയുള്ള അപേക്ഷകർക്ക് പ്രായപരിധി, മാർക്ക് എന്നിവയിൽ ഇളവുകൾ നൽകി പരിഗണന നൽകി വരുന്നു. |
| (സി) | ഇതിൽ, എത്ര പേർക്ക് ജോലി നൽകി; ഇനിയും ജോലി ലഭിക്കാത്തവർക്ക് എത്ര നാളിനുള്ളിൽ ആയത് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | CIAL- ൽ മാത്രമായി ഇതുവരെ വീടും സ്ഥലവും നഷ്ടപ്പെട്ട 193 പേർക്ക് ജോലി നൽകിയിട്ടുണ്ട്. ഇതിൽ 153 പേർ വീടു നഷ്ടപ്പെട്ടവരാണ്. കൂടാതെ 118 പ്രീപെയ്ഡ് ടാക്സി പാസ്സുകളും 5 STD ബൂത്തുകളും വീട് നഷ്ടപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. കാർഗോ |

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽ വീടു നഷ്ടപ്പെട്ട 207 പേർക്ക് ഔട്ട്സൈഡ് ലോഡർ ആയി ആനുകൂല്യം ലഭിച്ചിട്ടുണ്ട്.<br>മേൽ സൂചിപ്പിച്ചതുൾപ്പെടെ CIAL ലും എയർപോർട്ടിലെ മറ്റ് ഏജൻസികളിലുമായി വീടും സ്ഥലവും നഷ്ടപ്പെട്ട 950 ലധികം പേർക്ക് ജോലി/ മറ്റ് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 650 പേർ വീട് നഷ്ടപ്പെട്ടവരാണ്. |
| (ഡി) | നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ നിർമ്മാണത്തിനും വികസനത്തിനുമായി സ്ഥലം ഏറ്റെടുത്തതുമൂലം ഭൂമി നഷ്ടപ്പെട്ടവർക്ക് ജോലി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | നെടുമ്പാശ്ശേരി വിമാനത്താവളത്തിനുവേണ്ടി വീട് നഷ്ടപ്പെട്ട കുടുംബങ്ങൾക്കെല്ലാം അടുത്ത മൂന്നു വർഷത്തിനുള്ളിൽ എയർപോർട്ട് കമ്പനിയിലും അനുബന്ധ സ്ഥാപനങ്ങളിലും മറ്റ് ഏജൻസികളിലുമായി ജോലിയോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ് എന്ന് കമ്പനി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.